**ഭരണഭാഷ - മാതൃഭാഷ**

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എ. മുരളീധരൻ)

തിരുവനന്തപുരം

നമ്പർ. 8856/18/ജി2(9) തീയതി: 15.11.2019

വിഷയം:- അച്ചടി വകുപ്പ്-തിരുവനന്തപുരം-ജനറൽ വിഭാഗം-ഓവർടൈം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. സർക്കാരിന്റെ 12.03.15 ലെ 484/15/ഉവിവ നമ്പർ ഉത്തരവ്

2. അച്ചടി വകുപ്പ് ഡയറക്ടറുടെ 17.06.2019-ലെ ഇതേ നമ്പർ ഉത്തരവ്.

3. മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 15.10.2019-ലെ 4966/19/ജിപിഎം/ജി3 നമ്പർ കത്ത്.

### ഉത്തരവ്

അച്ചടി വകുപ്പിന്റെ കുടിശ്ശികയുള്ള ഓവർടൈം വേതനം 2019-20 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ മണ്ണന്തല ഗവ: പ്രസ്സിലേക്ക് 2010 മാർച്ച് മാസത്തെ ഓവർടൈം കുടിശ്ശിക തുകയായ 13,95,117/-രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി അനുവദിച്ച തുകയിൽ നിന്നും അർഹരായ 215 ജീവനക്കാരിൽ 92 ജീവനക്കാർക്ക് മാത്രമേ ഓവർ ടൈം തുകകൾ വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂവെന്നും മണ്ണന്തല ഗവ: പ്രസ്സിൽ നിന്നും സ്ഥലംമാറി വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ ജോലി ചെയ്യുന്നവരും വിരമിച്ചവരുമായ ജീവനക്കാർക്ക് തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പരാമർശം (3) പ്രകാരം മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം മണ്ണന്തല ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം മണ്ണന്തല ഗവ: പ്രസ്സിൽ നിന്നും മാറി, എറണാകുളം ഗവ: പ്രസ്സിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് / വിരമിച്ചവർക്ക് 2010 മാർച്ച് മാസത്തെ ഓവർ ടൈം തുകയായ 77,648/-രൂപ (എഴുപത്തി ഏഴായിരത്തി അറുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക എറണാകുളം ഗവ: പ്രസ്സിൽ മാറി നൽകുന്നതിന് എറണാകളും ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനു നിർദ്ദേശം നൽകുന്നു.

| നമ്പർ | പേര് | തസ്തിക | ഒ..റ്റി. തുക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | രാമകൃഷ്ണൻ എം.എസ്. | സീനിയർ ഗ്രേഡ് ഇലക്ട്രീഷ്യൻ | 12,565/- | ഗവ: പ്രസ്സ്, എറണാകുളം |
| 2 | പി.എസ്.ലത | കമ്പ്യൂട്ടർ | 608/- | ഗവ: പ്രസ്സ്, എറണാകുളം |
| 3 | ആർ. ബിന്ദു | സീനിയർ റീഡർ | 1,206/- | ഗവ: പ്രസ്സ്, എറണാകുളം |
| 4 | നെവിൽ സെബാസ്റ്റ്യൻ | ഓഫ്സെറ്റ് ഓപ്പറേറ്റർ | 7,728/- | ഗവ: പ്രസ്സ്, എറണാകുളം |
| 5 | കെ.എസ്. ജയശീൽ | ,, | 6,890/- | ഗവ: പ്രസ്സ്, എറണാകുളം |
| 6 | വി.ആർ. ബിനു | കമ്പ്യൂട്ടർ | 6,687/- | ഗവ: പ്രസ്സ്, എറണാകുളം |

..(2)..

| നമ്പർ | പേര് | തസ്തിക | ഒ..റ്റി. തുക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 7 | രാജേഷ് രാജൻ | പ്രിന്റർ | 4,793/- | ഗവ: പ്രസ്സ്, എറണാകുളം |
| 8 | കെ.കെ.പ്രദീപ് | ബൈന്റർ | 4,432/- | ഗവ: പ്രസ്സ്, എറണാകുളം |
| 9 | പി. സുരേഷ് | ലാസ്ക്കർ | 5,383/- | ഗവ: പ്രസ്സ്, എറണാകുളം |
| 10 | കെ.ആർ. സജീവ് | അസി. ഫോർമാൻ (ബയന്റിംഗ്) | 9,131/- | ഗവ: പ്രസ്സ്, എറണാകുളം |
| 11 | റ്റി. മുരളീധരൻ | വർക്ക്ഷോപ്പ് ഫോർമാൻ | 13,556/- | ഗവ: പ്രസ്സ്, എറണാകുളം |
| 12 | പി.പി.ഷീബ | ജൂനിയർ ഫോർമാൻ (ബയന്റിംഗ്) | 1,012/- | ഗവ: പ്രസ്സ്, എറണാകുളം |
| 13 | രാജീവ് കിരൺ | ബൈന്റർ | 3,657/- | ഗവ: പ്രസ്സ്, എറണാകുളം |
| | ആകെ | | **77,648/-** | |

ടി ജീവനക്കാരുടെ ഓവർ ടൈം സ്റ്റേറ്റ്മെന്റ് മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് എറണാകുളം ഗവ: പ്രസ്സ്, ഡെപ്യൂട്ടി സൂപ്രണ്ടിനെ അറിയിക്കേണ്ടതാണ്.

ടി തുക തന്നാണ്ടത്തെ "2058-00-103-99-01(6) ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

വിരമിച്ച ജീവനക്കാരുടെ ഓവർടൈം കുടിശ്ശിക ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ആയത് SPARK -ൽ അറിയിച്ച് റീവോക്ക് ചെയ്ത് തുക അനുവദിക്കേണ്ടതാണ്.

ഒപ്പ്/-

അച്ചടി വകുപ്പ് ഡയറക്ടർ

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, എറണാകുളം/മണ്ണന്തല/

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം /

ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം

പകർപ്പ്:-

ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /

ജൂനിയർ സൂപ്രണ്ട് ജി1, ബി / ബി 3 / ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

എം.കെ.25.11

16